വനം വകുപ്പിൽ നിന്ന് സൗജന്യമായി തടി വിതരണം ചെയ്തതായി പരാതി

1279 [2303] ശ്രീ. പി. കുമാരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തിനകത്തും പുറത്തുമായി ആർക്കെങ്കിലും വനംവകുപ്പിൽ നിന്ന് തടി സൗജന്യമായി വിതരണം ചെയ്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആർക്കെല്ലാം; എത്രവീതം;

(സി) ഈ തടികൾക്ക് ഷെഡ്യൂൾ റേറ്റനുസരിച്ച് എന്തു വില വരും;

(ഡി) സംസ്ഥാനത്തിന് പുറത്ത് കൊടുത്തിട്ടുള്ളതിന് ഗവൺമെൻറ് ഓഫ് ഇൻഡ്യാ റേറ്റനുസരിച്ച് എന്തു വിലവരും?

ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്തിന് പുറത്ത് കൊടുത്തിട്ടുണ്ട്.

(ബി) മഹാരാഷ്ട്രയിൽ സത്താറയിലെ ഉത്തര ചിദംബര നടരാജ മന്ദിർ ട്രസ്റ്റ് എന്ന സ്ഥാപനത്തിന് തമിഴ്നാട്, ആന്ധ്ര പ്രദേശ് എന്നീ സംസ്ഥാനങ്ങൾ ചില സംഭാവനകൾ ചെയ്ത കൂട്ടത്തിൽ 14.090 ക്യൂ. മീറ്റർ തേക്കുതടി കേരളവും കൊടുത്തിട്ടുണ്ട്. കൂടാതെ 30 മുതൽ 35 വരെ അടി നീളവും, 15 ഇഞ്ചു വ്യാസവുമുള്ള രണ്ടു തേക്കു കഴകം നൽകാനും ഉത്തരവായിട്ടുണ്ട്.

(സി) ഒരു ലക്ഷത്തി ഇരുപത്തിരണ്ടായിരത്തി അഞ്ഞൂററി എൺപത്തിമൂന്നു രൂപ വിലവരും. തേക്കുകഴകം നൽകിയിട്ടില്ലാത്തിനാൽ വില കണക്കാക്കിയിട്ടില്ല.

(ഡി) രണ്ടു ലക്ഷത്തി പതിനയ്യായിരത്തി ഇരുന്നൂററി തൊണ്ണൂററിയേഴു രൂപ അൻപത്തി മൂന്നു പൈസ വരും. തേക്കുകഴകം നൽകീട്ടില്ലാത്തതുകൊണ്ട് വില കണക്കാക്കിയിട്ടില്ല.

ഗവൺമെൻറിൽ നിക്ഷിപ്തമായ വനഭൂമി

1280 [2304] ശ്രീ. പി. വി. മുഹമ്മദ്:
,, സി. റ്റി. അഹമ്മദ് അലി:
,, പി. കെ. കെ. ബാവ:
,, പി. സീതിഹാജി:
,, കെ. പി. എ. മജീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) വനദേശസാൽക്കരണ നിയമപ്രകാരം എത്ര ഹെക്ടർ വനഭൂമി ഗവൺമെൻറിൽ നിക്ഷിപ്തമായി;

(ബി) നിക്ഷിപ്തവനഭൂമി മറേതെങ്കിലും ആവശ്യങ്ങൾക്കു വേണ്ടി വിനിയോഗിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്തെല്ലാം ആവശ്യങ്ങൾക്ക് എത്ര ഹെക്ടർ വീതം?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കേരള സ്വകാര്യവനം (നിക്ഷിപ്തമാക്കലും പതിച്ചു കൊടുക്കലും) നിയമപ്രകാരം 1,91,428.63 ഹെക്ടർ വനഭൂമി ഗവൺമെൻറിൽ നിക്ഷിപ്തമായി.

(ബി) ഉണ്ട്.

(സി) സ്വകാര്യവനം (നിക്ഷിപ്തമാക്കലും പതിച്ചുകൊടുക്കലും) നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം വിനിയോഗിച്ചതിനുപുറമേ കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിൻെറ ആവശ്യത്തിനായി 12.12 ഹെക്ടറും നിലമ്പൂരിലെ കേരളാ വുഡ് ഇൻഡസ്ട്രീസിൻെറ ആവശ്യത്തിനായി 4.60 ഹെക്ടറും മലബാർ സിമൻറ് കമ്പനിയുടെ ആവശ്യത്തിലേക്കായി 245.69 ഹെക്ടറും വിനിയോഗിച്ചിട്ടുണ്ട്.

ശ്രീ. അബ്ദുൾഖാദറിൻെറ മരണം

1281 [2306] ശ്രീ. വി. എസ്. ചന്ദ്രശേഖരൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനംവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി ഫോറസ്റ്റ് ഡിവിഷനിൽ ഒരു ആനത്തൊഴിലാളിയായിരുന്ന ശ്രീ. അബ്ദുൾഖാദറെ ആന കുത്തിക്കൊന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഈ തൊഴിലാളിയുടെ കുടുംബത്തിന് സർക്കാർ എന്തെങ്കിലും സഹായം ചെയ്യുകയുണ്ടായോ;

(സി) കുടുംബാംഗങ്ങൾക്കു സാമ്പത്തിക സഹായം നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് എന്തെങ്കിലും നിവേദനം ഗവൺമെൻറിനു ലഭിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ഇ) അബ്ദുൾഖാദറിൻെറ മരണംമൂലം നിരാലംബരായ അയാളുടെ കുടുംബാംഗങ്ങൾക്കു നിയമാനുസൃതമായ സാമ്പത്തിക സഹായം നൽകുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സഹായം നൽകിയിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) നിയമപ്രകാരം ആശ്രിതർക്കു ലഭിക്കേണ്ട ആനുകൂല്യങ്ങളായ ഫാമിലി പെൻഷനും ഗ്രാറ്റുവിറ്റിയും അനുവദിക്കുകയും ആയത് ലഭ്യമാക്കുന്നതിനാവശ്യമായ ബാദ്ധ്യതയില്ലായ്മ സർട്ടിഫിക്കറ്റും അന്തിമവേതന പത്രവും ബന്ധപ്പെട്ട ട്രഷറിയിലേക്ക് അയച്ചു കൊടുക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ പരേതൻെറ പ്രോവിഡൻറ് ഫണ്ട് അക്കൗണ്ടിലുള്ള തുക ആശ്രിതർക്കു ലഭിക്കുന്നതിനുവേണ്ടിയുള്ള

LIBRARY ARCHIVES Kerala Legislative Assembly